# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 838

03/12/2014-ൽ മറുപടിക്ക്

## ഫാർമസി നിയമങ്ങൾ ലംഘിച്ചതിന് രജിസ്റ്റർ ചെയ്ത കേസ്സുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.ശശി** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) ഫാർമസി ആക്ടിന്റെ സെക്ഷൻ 42 അനുസരിച്ച് എല്ലാ ഫാർമസികളിലും മെഡിക്കൽ സ്റ്റോറുകളിലും യോഗ്യതയുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾ തന്നെ കൈകാര്യം ചെയ്യേണ്ടതാണെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ ഈ വ്യവസ്ഥ പാലിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | എ) ഫാർമസി ആക്ട് സെക്ഷൻ 42 പ്രകാരം മരുന്നുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം രജിസ്റ്റേഡ് ഫാർമസിസ്റ്റുകൾക്ക് മാത്രം നിക്ഷിപ്തമാണ്. ഈ നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്, ഫാർമസി ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുകയും, ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. |
| ബി) തിരുവനന്തപുരം ജില്ലയിൽ 2013 – 2014 എന്നീ വർഷങ്ങളിൽ ഫാർമസി നിയമങ്ങൾ ലംഘിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | ബി) ഫാർമസി നിയമങ്ങൾ ലംഘിച്ചുവെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ കേസ്സുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. നിയമലംഘനങ്ങൾ നടത്തിയ രജിസ്റ്റേഡ് ഫാർമസിസ്റ്റുകളെ സംസ്ഥാന ഫാർമസി കൗൺസിലിൽ വിളിച്ചു വരുത്തി താക്കീത് ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഫാർമസിസ്റ്റുകൾ അല്ലാത്തവർ മരുന്ന് ഡിസ്പെൻസ് ചെയ്യുന്ന 50 പേർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) ഫാർമസി നിയമങ്ങൾ ലംഘിക്കുന്നുണ്ടോ എന്ന പരിശോധന വർഷത്തിൽ എത്ര തവണ നടക്കുന്നുണ്ടെന്ന വ്യക്തമാക്കുമോ; | സി) നിലവിലുള്ള ഫാർമസി ഇൻസ്പെക്ടർമാർക്ക് മാസത്തിൽ 6 കാഷ്വൽ ലീവ്, ഡ്യൂട്ടി ലീവായി സർക്കാർ പരിഗണിച്ചിട്ടുണ്ട്. പ്രസ്തുത ദിവസങ്ങളിൽ, 2013 വർഷത്തിൽ 346, ഇൻസ്പെക്ഷനും, 2014 ഒക്ടോബർ വരെ 511 ഇൻസ്പെക്ഷനും നടത്തിയിട്ടുണ്ട്. |

| | |
|---|---|
| ഡി) ഇക്കാര്യത്തിൽ ബഹു. മനുഷ്യാവകാശ ക്കമ്മീഷന്റെ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | ഡി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ വിധി പ്രസ്താവനയുടെ പകർപ്പുകൾ ഫാർമസി കൗൺസിൽ; സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ തുടങ്ങിയവർക്ക് അയച്ചു കൊടുക്കുകയും ആശുപത്രികളിലും, ക്ലിനിക്കുകളിലും ആവശ്യത്തിനുള്ള ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും മെഡിക്കൽ ഷോപ്പുകളുടെ പ്രവർത്തന സമയങ്ങളിൽ രജിസ്റ്റേഡ് ഫാർമസിസ്റ്റിന്റെ സേവനം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ഫാർമസി നിയമലംഘനങ്ങൾക്കെതിരായി കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള ഫാർമസി ഇൻസ്പെക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടീം ഇൻസ്പെക്ഷൻ വിവിധ ജില്ലകളിലെ 183 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും, 26 സ്ഥാപനങ്ങളിൽ നിയമലംഘനങ്ങൾ കണ്ടെത്തുകയും അവർക്കെതിരായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുമുണ്ട്. കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ റൂൾസ് 2012 ലംഘനം നടത്തിയ 11 പേരെ അടിയന്തിരമായി കൗൺസിലിൽ വിളിച്ചു വരുത്തുകയും താക്കീത് നൽകുകയും, മറ്റുള്ളവരോട് വിശദീകരണം തേടുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ